**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം : 5958** — **04.11.2016 ലെ മറുപടിക്ക്**

# കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. യു. ആർ. പ്രദീപ് : | പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ - കോളേജ് തലത്തിലുള്ള കുട്ടികളിൽ എഴുത്തും വായനാശീലവും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സ്കൂൾ കുട്ടികളിൽ വായനാശീലം വളർത്തിക്കൊണ്ടുവരുന്നതിനും അതിലൂടെ അവരെ ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിനും എന്തൊക്കെ നടപടികളാണ് സ്കൂളുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) (i) **സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ :** 2011-ൽ കുട്ടികളുടെ വായനാശീലത്തെപ്പറ്റിയുള്ള ഒരു സർവ്വെ നടത്തിയിരുന്നു. റ്റി.വി. മുതലായ എന്റർടൈൻമെന്റ് വ്യവസായങ്ങൾ ലൈബ്രറികളെയും വായനാശീലത്തെയും അപ്രസക്തമാക്കിക്കൊണ്ട് മുന്നേറുന്നതാണ് ഒരു പ്രധാന കാരണം. മുൻകാലങ്ങളിൽ കവിയരങ്ങ്, കഥാരചന, സാഹിത്യ സദസ്സ് എന്നിങ്ങനെ സജീവമായിരുന്ന സ്കൂളുകളിലും കലാലയങ്ങളിലും ഇപ്പോൾ റിയാലിറ്റി ഷോ കേന്ദ്രീകൃതവും സിനിമ കേന്ദ്രീകൃതവുമായ പരിപാടികൾക്ക് പ്രാമുഖ്യം വന്നിരിക്കുന്നു. വായനക്കാരായ കുട്ടികൾക്ക് അംഗീകാരമോ പ്രോത്സാഹനമോ സ്കൂളുകളിലും സമൂഹത്തിലും ഇല്ല. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ കവിയരങ്ങുകൾ, പുസ്തക ചർച്ചകൾ, കഥാക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. പക്ഷെ, പങ്കാളിത്തം വളരെ കുറവാണ്. എല്ലാ വർഷവും നടത്തിവരുന്ന കുട്ടികളുടെ സമ്മർ സ്കൂളിൽ വായനയ്ക്ക് പ്രാധാന്യം നൽകുന്ന പരിപാടികൾ ആവിഷ്കരിക്കാറുണ്ട്. പ്രശസ്ത സാഹിത്യകാരന്മാരുടെ അനുസ്മരണങ്ങൾ വലിയ പരിപാടികളായി ആവിഷ്കരിക്കാറുണ്ട്. |

(തുടർച്ച....2)

(ii) **കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ :**
യു.പി. സ്കൂൾ കുട്ടികൾക്കായി "എന്റെ പുസ്തകം എന്റെ കുറിപ്പ് എന്റെ എഴുത്തുപെട്ടിയ്ക്ക്" എന്ന പദ്ധതി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 500 സ്കൂളുകളിൽ നടപ്പാക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ഹൈസ്കൂൾ കുട്ടികളെ പങ്കെടുപ്പിക്കുന്ന അഖിലകേരള വായനാമത്സരം സ്കൂൾ തലം, താലൂക്ക് തലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ സംഘടിപ്പിക്കുന്നുണ്ട്. ഹയർ സെക്കന്ററി കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്ന വായന മത്സരവും ഈ വർഷം മുതൽ കൗൺസിൽ സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ